milma

## എറണാകുളം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ ക്ളിപ്തം ഇ 150(ഡി)

പി.ബി.നം.2212, ഇടപ്പള്ളി, കൊച്ചി - 682 024.

EU:P&I:10:Fodder:2024 24.07.2024

### സർക്കുലർ

വിഷയം: 2024 ജൂലൈ മാസം മുതൽ സബ്സിഡി നിരക്കിൽ സംഘങ്ങൾ വഴി സൈലേജ് ബെയിലുകൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച്.

സൂചന : 20.06.2024 ലെ 10/1129-ാം നമ്പർ ഭരണസമിതി തീരുമാനം

........

നല്ല ഗുണനിലവാരമുള്ള ചോളം നന്നായി അരിഞ്ഞു കംപ്രസ് ചെയ്ത് കെമിക്കലുകളോ പ്രസർവേറ്റീവ്സോ ചേർക്കാതെ ബെയിലുകളാക്കിയ സൈലേജ് പോളിപ്രൊപ്പൈലിൻ ഷീറ്റ് ഉപയോഗിച്ച് നന്നായി പൊതിഞ്ഞ് ആവശ്യാനുസരണം തൃശൂർ, എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിലെ ക്ഷീര സംഘങ്ങളിൽ എത്തിച്ചു നൽകുന്നതിന് മേഖലാ യൂണിയൻ നടത്തിവരുന്ന പദ്ധതി പ്രകാരം 2024 ജൂലൈ മാസം 23 മുതൽ 2025 ജൂലൈ മാസം 22 വരെ അംഗസംഘങ്ങൾ വഴി സൈലേജ് വിതരണം ചെയ്യുന്നതിന് ഇൻഡന്റുകൾ ക്ഷണിച്ചുകൊള്ളുന്നു.

ഇതനുസരിച്ച് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ജൂലൈ മുതൽ സൈലേജ് വിതരണം ചെയ്യുവാൻ കഴിയുന്നതാണ്.

1. സംഘങ്ങൾക്കുള്ള നിരക്കുകൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ജില്ല | സൈലേജിന്റെ വില (രൂപ-കിലോ ഗ്രാമിൽ) | 40ശതമാനവും, അതിന് മുകളിലും പാൽ നൽകുന്ന അംഗസംഘങ്ങൾക്കുള്ള നിരക്ക് (രൂപ-കിലോഗ്രാമിൽ) | 40ശതമാനത്തിന് താഴെ പാൽ നൽകുന്ന അംഗസംഘങ്ങൾക്കുള്ള നിരക്ക് (രൂപ-കിലോഗ്രാമിൽ) |
|---|---|---|---|---|
| 1 | എറണാകുളം | 8.82 | 6.82 | 8.82 |
| 2 | തൃശൂർ | 8.72 | 6.72 | 8.72 |
| 3 | കോട്ടയം | 8.92 | 6.92 | 8.92 |
| 4 | ഇടുക്കി | 9.07 | 7.07 | 9.07 |

2. ഓരോ ബെയിലിന്റെയും ശരാശരി തൂക്കം 50മുതൽ 55കിലോഗ്രാം വരെ ആയിരിക്കും.എന്നാൽ ഓരോ ലോഡിലും ഉള്ള ബെയിലുകളുടെ ശരാശരി തൂക്കം ലോഡ് ഇറക്കുന്നതിനു മുമ്പ് അതാത് സംഘത്തെ അറിയിക്കുന്നതാണ്. അതനുസരിച്ചിട്ടുള്ള വില മാത്രമായിരിക്കും സംഘത്തിൽ നിന്നും ഈടാക്കുക.

3. പൊട്ടിക്കാത്ത ബെയിലുകൾ 8 മുതൽ 10മാസം വരെ സൂക്ഷിക്കാവുന്നതാണ്. എന്നാൽ ബെയിൽ പൊട്ടിച്ചാൽ ഒരാഴ്ചയ്ക്കുള്ളിൽ ഉപയോഗിച്ച് തീർക്കേണ്ടതാണ്.

4. ഒരു ലോഡിൽ 240 ബെയിലുകളാണുള്ളത്. പരമാവധി 4 പോയിന്റിൽ കൂടുതൽ അൺലോഡിംഗ് സാധ്യമല്ലാത്തതിനാൽ ഒരു സംഘം മിനിമം 60 ബെയിലുകളെങ്കിലും ഇൻഡന്റ് നൽകുന്നത് നന്നായിരിക്കും.

5. ഇൻഡന്റ് നൽകുമ്പോൾ സംഘത്തിന്റെ പിൻകോഡ് സഹിതം നൽകേണ്ടതാണ്.

6. സൈലേജ് ഇറക്കുന്നതിനുള്ള ഇറക്കുകൂലി സംഘം/കർഷകൻ വഹിക്കേണ്ടതാണ്. സംഘത്തിൽനിന്ന് കർഷകൻെറ വീട്ടിൽ എത്തിക്കുന്നതിനുള്ള ഉത്തരവാദിത്വം സംഘത്തിന്/കർഷകന് ആയിരിക്കും.

7. മുൻ വർഷത്തിൽ അംഗസംഘങ്ങൾ യൂണിയനു നൽകുന്ന പാലളവിന് ആനുപാതികമായി, സൈലേജിന് സബ്സിഡി നൽകുന്നതിന് പരിധി നിശ്ചയിച്ചിരുന്നു. എന്നാൽ ഈ മാനദണ്ഡം ഒഴിവാക്കി, 40ശതമാനവും അതിന് മുകളിലും പാൽ നൽകുന്ന എല്ലാ അംഗസംഘങ്ങൾക്കും സബ്സിഡി നിരക്കിൽ, യഥേഷ്ടം സൈലേജ് നൽകുന്നതിന് മേൽ സൂചന ഭരണസമിതിയോഗം ,തീരുമാനിച്ചിട്ടുണ്ടെന്ന് അറിയിക്കുന്നു.
8. സബ്സിഡിയുടെ പരിധിയിൽ വരാത്ത(40ശതമാനത്തിന് താഴെ പാൽ നൽകുന്ന) അംഗസംഘങ്ങൾക്കും, സബ്സിഡിയില്ലാതെ സൈലേജ് യഥേഷ്ടം വിതരണം ചെയ്യുന്നതാണ്.
9. ലഭ്യതയ്ക്ക് അനുസരിച്ച് മാത്രമായിരിക്കും സൈലേജ് വിതരണം ചെയ്യുന്നത്.
10. സൈലേജ് സംഘത്തിൽ ഇറക്കുമ്പോൾ പ്രത്യക്ഷത്തിൽ അപാകതകളോ, ലീക്കോ കണ്ടെത്തിയാൽ ടി വാഹനത്തിൽ തന്നെ തിരിച്ചുവിടേണ്ടതാണ്.
11. സൈലേജ് വിതരണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികൾ ഉണ്ടെങ്കിൽ, ആയത് രേഖാമൂലം സൈലേജ് ലഭിച്ച് ഒരാഴ്ചക്കകം ബന്ധപ്പെട്ട പിആന്റ്ഐ യൂണിറ്റിൽ അറിയിക്കേണ്ടതാണ്. വൈകി ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല.
12. സൈലേജ് ലഭിച്ചതിനുള്ള രസീത് സംഘം ലെറ്റർ ഹെഡിൽ തന്നെതരേണ്ടതും, ഇതിൽ സൈലേജ് ലഭിച്ച തീയതിയും, ശരാശരി തൂക്കവും, ബെയിലുകളുടെ എണ്ണവും, വണ്ടി നമ്പറും വ്യക്തമായി രേഖപ്പെടുത്തി സെക്രട്ടറിയുടെ ഒപ്പും, സംഘം സീലും വയ്ക്കേണ്ടതുമാണ്.

ഇതനുസരിച്ച് സൈലേജ് ആവശ്യമുള്ള സംഘങ്ങൾ കർഷകരിൽനിന്ന് ഇൻഡന്റ് സ്വീകരിച്ച് ബന്ധപ്പെട്ട പി ആന്റ്ഐ യൂണിറ്റിൽ നൽകേണ്ടതാണ്. ഇൻഡന്റുകൾ ലഭിക്കുന്ന മുറയ്ക്കായിരിക്കും സൈലേജ് വിതരണം നടത്തുന്നത് (അതായത് ആദ്യം ലഭിക്കുന്ന ഇൻഡൻറിന് ആദ്യം വിതരണം).

മാനേജിംഗ് ഡയറക്ടർ.

എല്ലാ അംഗസംഘങ്ങൾക്കും.

ചെയർമാന്റെ അറിവിലേയ്ക്കായി

പകർപ്പ്: എല്ലാ ഭരണസമിതി അംഗങ്ങൾക്കും
എല്ലാ ഡെയറി മാനേജർമാർക്കും
എല്ലാ പി ആന്റ് ഐ യൂണിറ്റുകൾക്കും
അസി.മാനേജർ (എഫ്ആന്റ്എ)
സെക്ഷൻഹെഡ്(എം ഐ എസ്)
പി.എ ടു എം.ഡി/എം.എഫ്/ഒ.സി